1) **<u>30.04.2019 ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.വി. സലീം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 506-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. വി.സലീം, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, ബഹു. എം.എൽ.എ., കൊച്ചി.
3) ശ്രീമതി. പി.ആർ. ഉഷാകുമാരി, ജില്ലാ ടൗൺ പ്ലാനർ & സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 1/2019-20</u>**

*30.03.2019 ൽ കൂടിയ 505-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

30.03.2019-ൽ കൂടിയ 505-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 2/2019-20</u>**

*20.02.2019-ൽ കൂടിയ 503-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

20.02.2019-ൽ കൂടിയ 503-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**<u>3. തീരുമാനം നമ്പർ 3/2019-20</u>**

*20.02.2019-ൽ കൂടിയ 504-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബഡ്ജറ്റ്) യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

20.02.2019-ൽ കൂടിയ 504-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബഡ്ജറ്റ്) യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**<u>4. തീരുമാനം നമ്പർ 4/2019-20</u>**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജിസിഡിഎ വർക്കിംഗ് വുമൺസ് ഹോസ്റ്റൽ കെട്ടിടം വാടകയ്ക്ക് നൽകുന്നത് - സംബന്ധിച്ച്.*
*(ഇ.4/1257/2018/ജിസിഡിഎ)*

വിഷയം വിശദമായി ചർച്ച ചെയ്തു. അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വനിതാ ഹോസ്റ്റൽ ഉദ്യോഗസ്ഥരായ സ്ത്രീകൾക്കും വിദ്യാർത്ഥിനികൾക്കും വളരെ ഉപകാരപ്രദവും അതോറിറ്റിക്ക് സാമ്പത്തിക

ലാഭമു□ ാക്കുന്നതും Normal Investment-ലും കൂടുതൽ വരുമാനം ലഭിക്കുന്ന പദ്ധതിയാണെന്നും ചാർട്ടേഡ് അക്കൗ□ ന്റ്, ഫിനാൻഷ്യൽ വയബിലിറ്റി സ്റ്റഡിയിൽ റിപ്പോർട്ട് ചെയ്തത് പ്രകാരം ടി കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് നിലനിർത്തുന്ന വിഷയം ബഹു. സർക്കാരിലേയ്ക്ക് അറിയിച്ചുവെങ്കിലും ടി നിർമ്മാണത്തിന് കേന്ദ്രസർക്കാരിന്റെ വനിത ശിശുവികസന മന്ത്രാലയത്തിൽ നിന്നുള്ള ഗ്രാന്റ് അതോറിറ്റിയ്ക്ക് പ്രയോജനപ്പെടുത്താമെന്നാണ് അറിയിച്ചത്. WWH-ന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഹോസ്റ്റൽ നിർമ്മാണത്തിനും വാടക കൊടുക്കുന്നതിനുമാണ് വ്യവസ്ഥയുള്ളത് എന്നതിനാലും നിലവിലുള്ള കെട്ടിടമായതിനാൽ WWH-ന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുമോ എന്നതിന് കൂടുതൽ പരിശോധനകൾ ആവശ്യമാണ് എന്നതിനാലും സ്ട്രക്ച്ചറൽ റിപ്പയറിംഗ് മാത്രം പൂർത്തീകരിച്ചിട്ടുള്ള ടി കെട്ടിടം, ബാക്കി പ്രവൃത്തികൾ കരാറുകാരൻ തന്നെ ചെയ്തുകൊള്ളാമെന്ന വ്യവസ്ഥയിൽ കെട്ടിടത്തിന്റെ നിലവിലുള്ള അവസ്ഥയിൽ തന്നെ ഒരു നിശ്ചിത വർഷത്തേയ്ക്ക് മാസം തോറും ജിസിഡിഎയ്ക്ക് ഒരു നിശ്ചിത വരുമാനം ലഭിക്കത്തക്കവിധം, EOI ക്ഷണിച്ച് വാടകയ്ക്ക് നൽകുന്നതിന് തീരുമാനിച്ചു.

**<u>5. തീരുമാനം നമ്പർ 5/2019–20</u>**

*ജി.സി.ഡി.എ. – ധനകാര്യ വിഭാഗം – റ്റി.ഡി.എസ്. Default കറക്ഷൻ ചെയ്ത വകയിൽ ഇന്റഗ്രേറ്റഡ് കൺസൾട്ടിംഗ് സർവ്വീസസ് എന്ന സ്ഥാപനത്തിന് 11,750/– രൂപ ഫീസ് ഇനത്തിൽ അനുവദിച്ച് നൽകുന്നത് – സംബന്ധിച്ച്.*
*(1355/എഫ്.ഡി.1/2005/ജിസിഡിഎ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം വിവിധ സാമ്പത്തിക വർഷത്തെ റ്റി.ഡി.എസ്. Default കറക്ഷൻ ചെയ്ത വകയിൽ ഇന്റഗ്രേറ്റഡ് കൺസൾട്ടിംഗ് സർവ്വീസസ് എന്ന സ്ഥാപനത്തിന് 11,750/– രൂപ ഫീസ് ഇനത്തിൽ അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**<u>6. തീരുമാനം നമ്പർ 6/2019–20</u>**

*ജി.സി.ഡി.എ. – റവന്യൂ (സി.സി.) വിഭാഗം – പ്ലോട്ട് നമ്പർ–55, കിസാൻ കോളനി, തമ്മനം കൈമാറ്റം ചെയ്യുന്നതിന് NOC അനുവദിക്കുന്നത് – സംബന്ധിച്ച്.*
*(സി.11/റവന്യൂ സി.സി./ടി.കെ.സി./പ്ലോട്ട് നമ്പർ–55/ജിസിഡിഎ)*

അതോറിറ്റി വക തമ്മനം കിസാൻ കോളനിയിലെ പ്ലോട്ട് നമ്പർ 55, ശ്രീ. മുരുകൻ, S/o. കുട്ടപ്പൻ, ഹൗസ് നമ്പർ–55, കിസാൻ കോളനി, പാലാരിവട്ടം പി.ഒ. എന്നയാളുടെ അപേക്ഷ പരിഗണിച്ച് ടി പ്ലോട്ട് കൈമാറ്റം ചെയ്യുന്നതിന് NOC നൽകുന്നതിന് തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 7/2019–20**

*ജി.സി.ഡി.എ. – ആസൂത്രണ വിഭാഗം – വിവിധ മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സ്കാനിംഗ്, പ്രിന്റിംഗ്, ജംബോകോപി എന്നിവയ്ക്കായി ക്വൊട്ടേഷൻ ക്ഷണിച്ചത് – സംബന്ധിച്ച്.*
*(4486/PL.1/2005/GCDA)*

വിവിധ മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സ്കാനിംഗ്, പ്രിന്റിംഗ്, ജംബോകോപ്പി എന്നിവയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ മെ. പെറ്റ്സ് കോട്ടിന് ടി ദർഘാസ് ഉറപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 8/2019–20**

*ജി.സി.ഡി.എ. – റവന്യൂ(സി.സി.) വിഭാഗം – ഹൗസ് നമ്പർ 97 – ഉദയാ കോളനി, ഗാന്ധി നഗർ കൈമാറ്റം ചെയ്തു നൽകുന്നത് – സംബന്ധിച്ച്.*
*(C.11/Slum-97/Udaya/GN/GCDA)*

ജിസിഡിഎ ചേരി നിർമ്മാർജ്ജന പദ്ധതി പ്രകാരം ഗാന്ധിനഗർ ഉദയാകോളനിയിൽ പണികഴിപ്പിച്ചിട്ടുള്ള വീടുകളിലെ 97–ാം നമ്പർ വീടിന്റെ അലോട്ടിയായ ശ്രീ. എം.എസ്. സെബാസ്റ്റ്യാൻ ആധാര നടപടികൾ പൂർത്തിയാക്കുന്നതിന് മുമ്പ് മരണപ്പെട്ടതിനാൽ ടിയാന്റെ ഭാര്യ ശ്രീമതി. പെണ്ണമ്മയുടെ പേരിലേയ്ക്ക് ടി വീട് കൈമാറ്റം ചെയ്യുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ്, അവകാശികളുടെ സമ്മതപത്രം എന്നിവ ഹാജരാക്കുകയും കൂടിക്കാഴ്ചയിൽ കൈമാറ്റത്തിന് അനന്തരാവകാശികൾ പൂർണ്ണസമ്മതം അറിയിക്കുകയും വീട് അനുവദിക്കുന്നത് സംബന്ധിച്ച എല്ലാ നിബന്ധനകളും നടപടിക്രമങ്ങളും പാലിച്ചുകൊള്ളാമെന്ന് ശ്രീമതി. പെണ്ണമ്മ സമ്മതിക്കുകയും ചെയ്ത സാഹചര്യത്തിൽ ഉദയാകോളനിയിലെ വീട് നമ്പർ 97 ശ്രീമതി. പെണ്ണമ്മയുടെ പേരിലേയ്ക്ക് കൈമാറ്റം ചെയ്തു നൽകുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 9/2019–20**

*ജി.സി.ഡി.എ. – ഫിനാൻസ് വിഭാഗം – ജിസിഡിഎ ജീവനക്കാർക്കും പെൻഷൻകാർക്കും വർദ്ധിത ക്ഷാമബത്ത നൽകുന്നത് – സംബന്ധിച്ച്.*
*(4661/FB.5/2013/GCDA)*

04.04.2019–ലെ ജി.ഒ.(പി.) നമ്പർ 44/2019/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്കും പെൻഷൻ/കുടുംബ പെൻഷൻകാർക്കും സർക്കാർ ക്ഷാമബത്ത ബാധകമായ ജിസിഡിഎ പോലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്കും 01.01.2018 മുതൽ പുതുക്കിയ സ്കെയിലിൽ 17% നിരക്കിലും 01.07.2018 മുതൽ 20% നിരക്കിലും വർദ്ധിത ക്ഷാമബത്ത അനുവദിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ മേൽ സർക്കാർ ഉത്തരവ്

പ്രകാരമുള്ള വർദ്ധിപ്പിച്ച DA/DR അതോറിറ്റി ജീവനക്കാർക്ക്/പെൻഷൻകാർക്ക് അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു. 27.04.2019 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ.(പി.) നമ്പർ 48/2019/ഫിൻ –ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ഡി.എ. കുടിശ്ശിക സർക്കാർ ഉത്തരവ് വരുന്ന മുറയ്ക്ക് നൽകുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 10/2019–20**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി. അജിത റ്റി.എ.യുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച്.*
*(ഇ.2/3720/2006/ജിസിഡിഎ)*

ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ സൈറ്റ് ഓഫീസിൽ ഓഫീസ് അറ്റൻഡറായും, ഹൗസ് കീപ്പറായും ജോലി ചെയ്തുവരുന്ന ശ്രീമതി. അജിത റ്റി.എ.യുടെ സേവനം 2019 മെയ് 10 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദിർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 11/2019–20**

*ജി.സി.ഡി.എ. – ധനകാര്യ വിഭാഗം – അതോറിറ്റി വക സ്ഥിരനിക്ഷേപങ്ങൾ പുനർ നിക്ഷേപം ചെയ്യുന്നത് – സംബന്ധിച്ച്.*
*(2958/എഫ്.ബി.1/2014/ജിസിഡിഎ)*

വിഷയം വിശദമായി ചർച്ച ചെയ്തു. നിലവിലുള്ള ജനറൽ കൗൺസിൽ തീരുമാനത്തിലെ നിക്ഷേപ പരിധിക്ക് വിധേയമായി അതോറിറ്റിയുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി നിലവിൽ കൂടുതൽ പലിശ നൽകുന്ന ഷെഡ്യൂൾഡ് ബാങ്കുകൾക്ക് സ്ഥിര നിക്ഷേപം നൽകുന്നതിന് തീരുമാനിച്ചു. സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുനർ നിക്ഷേപം നടത്തുന്നത് സംബന്ധിച്ച് ജനറൽ കൗൺസിൽ തീരുമാനം നിലവിൽ ഉള്ളതിനാൽ അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ഷെഡ്യൂൾ രൂപീകരിക്കുന്ന വിഷയത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി ജനറൽ കൗൺസിൽ അംഗീകാരത്തോടെ അന്തിമതീരുമാനം എടുക്കുന്നതിന് തീരുമാനിച്ചു.

യോഗം 11.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി